# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 മേയ് 18

# വാർത്താക്കുറിപ്പ്

## എം.ജി. ബിരുദ ഏകജാലകം; സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷി ക്വാട്ട അപേക്ഷ മെയ് 24 വരെ

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദ സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷി ക്വാട്ടയിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ മെയ് 24നകം ഏകജാലകത്തിലൂടെ അപേക്ഷ സമർപ്പിക്കണം. അപേക്ഷകർ ക്യാപ് മെരിറ്റ് സീറ്റിലേക്ക് ഓൺലൈനായി അപേക്ഷിച്ചശേഷം ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് നോൺ ക്യാപ് രജിസ്ട്രേഷനിൽ രജിസ്റ്റർ ചെയ്ത് സ്പോർട്സ്/കൾച്ചറൽ/ഭിന്നശേഷി ക്വാട്ട ഓപ്ഷൻ നൽകണം. ഇതിനായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം. നോൺ ക്യാപിൽ രജിസ്റ്റർ ചെയ്യാത്തവരെ സ്പോർട്സ്/കൾച്ചറൽ/ഭിന്നശേഷി ക്വാട്ടയിലേക്ക് പരിഗണിക്കില്ല.

കൾച്ചറൽ/ഭിന്നശേഷി ക്വാട്ടയിലേക്ക് അപേക്ഷിച്ചവരുടെ സർട്ടിഫിക്കറ്റ് പരിശോധന മെയ് 27, 28 തീയതികളിൽ അതത് കോളേജുകളിൽ നടക്കും. അപേക്ഷകൻ ഓപ്ഷൻ നൽകിയ ഏതെങ്കിലും ഒരു കോളേജിൽ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. സ്പോർട്സ് ക്വാട്ടയിലേക്ക് അപേക്ഷിച്ചവർ മെയ് 25ന് അസൽ സർട്ടിഫിക്കറ്റുകളുമായി ഓപ്ഷൻ നൽകിയ ഏതെങ്കിലും ഒരു കോളേജിൽ ഹാജരാകണം.

സ്പോർട്സ് ക്വാട്ടയിലേക്കുള്ള റാങ്ക് പട്ടിക കോളേജുകളും കൾച്ചറൽ/ഭിന്നശേഷി ക്വാട്ടയിലേക്കുള്ള റാങ്ക് പട്ടിക സർവകലാശാലയും തയ്യാറാക്കും. എല്ലാ ക്വാട്ടകളിലേക്കുമുള്ള അന്തിമ റാങ്ക് പട്ടിക ക്യാപ് വെബ്സൈറ്റിൽ മെയ് 29ന് പ്രസിദ്ധീകരിക്കും. പ്രവേശനം മെയ് 30, 31 തീയതികളിൽ ബന്ധപ്പെട്ട കോളേജുകളിൽ നടക്കും. മെയ് 24ന് ശേഷം സ്പോർട്സ്/കൾച്ചറൽ/ഭിന്നശേഷി ക്വാട്ടയിലേക്ക് അപേക്ഷിക്കാൻ സാധിക്കില്ല.

(പി.ആർ.ഒ./39/875/2019)

## എം.ജി. പി.ജി. ഏകജാലകം; സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷി ക്വാട്ട അപേക്ഷ മെയ് 22 വരെ

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷി ക്വാട്ടയിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ മെയ് 22നകം ഏകജാലകത്തിലൂടെ അപേക്ഷ സമർപ്പിക്കണം. അപേക്ഷകർ ക്യാപ് മെരിറ്റ് സീറ്റിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചശേഷം ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് നോൺ ക്യാപ് രജിസ്ട്രേഷനിൽ രജിസ്റ്റർ ചെയ്ത് സ്പോർട്സ്/കൾച്ചറൽ/ഭിന്നശേഷി ക്വാട്ട ഓപ്ഷൻ നൽകണം. ഇതിനായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം. നോൺ ക്യാപിൽ രജിസ്റ്റർ ചെയ്യാത്തവരെ സ്പോർട്സ്/കൾച്ചറൽ/ഭിന്നശേഷി ക്വാട്ടയിലേക്ക് പരിഗണിക്കില്ല.

കൾച്ചറൽ/ഭിന്നശേഷി ക്വാട്ടയിലേക്ക് അപേക്ഷിച്ചവരുടെ സർട്ടിഫിക്കറ്റ് പരിശോധന മെയ് 23, 24 തീയതികളിൽ അതത് കോളേജുകളിൽ നടക്കും. അപേക്ഷകൻ ഓപ്ഷൻ നൽകിയ ഏതെങ്കിലും ഒരു കോളേജിൽ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. കരട് റാങ്ക് ലിസ്റ്റ് മെയ് 23ന് പ്രസിദ്ധീകരിക്കും. അന്തിമ റാങ്ക് ലിസ്റ്റ് മെയ് 25ന് ക്യാപ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. പ്രവേശനം 25, 27 തീയതികളിൽ ബന്ധപ്പെട്ട കോളേജുകളിൽ നടക്കും. മെയ് 22ന് ശേഷം സ്പോർട്സ്/കൾച്ചറൽ/ഭിന്നശേഷി ക്വാട്ടയിലേക്ക് അപേക്ഷിക്കാൻ സാധിക്കില്ല.

(പി.ആർ.ഒ./39/875/2019)

## എം.ജി. കാമ്പസിനെ പാരിസ്ഥിതിക സൗഹൃദ മാതൃകയാക്കി മാറ്റാൻ സെമിനാർ 20ന്

മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിനെ സുസ്ഥിര പാരിസ്ഥിതിക സൗഹൃദ മാതൃകയാക്കി മാറ്റുന്നതിനായി ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുന്നു. മെയ് 20ന് രാവിലെ 11 മുതൽ സർവകലാശാല അസംബ്ലി ഹാളിലാണ് സെമിനാർ. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സെമിനാർ ഉദ്ഘാടനം ചെയ്യും. കോഴിക്കോട് 'നിറവി'ലെ ബാബു പറമ്പത്ത് വിഷയാവതരണം നടത്തും.

110 ഏക്കറിൽ സ്ഥിതി ചെയ്യുന്ന കാമ്പസിനെ മാലിന്യമുക്തമായി സംരക്ഷിക്കാനുള്ള നടപടികളുടെ ഭാഗമായാണ് സെമിനാർ നടത്തുന്നത്. കോഴിക്കോട് ഐ.ഐ.എം., എൻ.ഐ.ടി., കോഴിക്കോട് വിമാനത്താവളം എന്നിവയെ മാലിന്യമുക്തമാക്കി സുസ്ഥിര സംവിധാനം നടപ്പാക്കിയ 'നിറവ്' ആണ് സെമിനാറിന് നേതൃത്വം നൽകുന്നത്. അധ്യാപകർ, ജീവനക്കാർ, വിദ്യാർഥികൾ എന്നിവർ പങ്കെടുക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ./39/875/2019)

## എം.ജി. സർവകലാശാലയിൽ മഴക്കാല പൂർവശുചീകരണ യജ്ഞം

മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിൽ മഴക്കാല പൂർവശുചീകരണ പ്രവർത്തനങ്ങൾ നടത്തി. സർവകലാശാലയുടെയും നാഷണൽ സർവീസ് സ്കീം സെല്ലിന്റെയും ആഭിമുഖ്യത്തിലായിരുന്നു ശുചീകരണ യജ്ഞം. മണർകാട് സെന്റ് മേരീസ്, കോട്ടയം ബസേലിയസ്, സി.എം.എസ്. കോളേജുകളിൽ നിന്നുള്ള വോളണ്ടിയർമാരും സർവകലാശാല ജീവനക്കാരും ശുചീകരണത്തിൽ പങ്കെടുത്തു. സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു ഉദ്ഘാടനം നിർവഹിച്ചു. ഗോകുൽ സി. ദിലീപ്, ഹരിത തോമസ് എന്നിവർ നേതൃത്വം നൽകി.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിൽ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി നടന്ന ശുചീകരണ യജ്ഞം**

(പി.ആർ.ഒ./39/875/2019)

## പരീക്ഷ തീയതി

അഞ്ചാം സെമസ്റ്റർ എം.സി.എ. റഗുലർ/സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്) പരീക്ഷകൾ ജൂൺ ഏഴുമുതൽ ആരംഭിക്കും. പിഴയില്ലാതെ മെയ് 22 വരെയും 500 രൂപ പിഴയോടെ 23 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/875/2019)

## അപേക്ഷ തീയതി നീട്ടി

ജൂൺ 12ന് അഫിലിയേറ്റഡ് കോളേജുകളിൽ നടക്കുന്ന എട്ടാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾക്ക് പിഴയില്ലാതെ ജൂൺ 21 വരെയും 500 രൂപ പിഴയാടെ 23 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/875/2019)

## പി.ജി. ഉത്തരക്കടലാസ് മൂല്യനിർണയം; അധ്യാപകർ ഹാജരാകണം

മെയ് 20ന് എട്ട് മേഖല മൂല്യനിർണയക്യാമ്പുകളിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ പി.ജി. (സി.എസ്.എസ്.) പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണയത്തിന് അറിയിപ്പ് ലഭിച്ച അധ്യാപകർ അന്നേദിവസം ക്യാമ്പുകളിൽ ഹാജരാകണം.

(പി.ആർ.ഒ./39/875/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എഡ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 31 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/875/2019)

2018 ജൂലൈയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ റഗുലർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ്-2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/875/2019)

2018 ജൂലൈയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഫിലോസഫി പ്രൈവറ്റ് (2017 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/875/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ